# കേരള സർവകലാശാല

നം.പി.ആർ.231/2016 ഫോൺ : 2305738

## പത്രക്കുറിപ്പ്

### യൂണിറ്ററി എൽ.എൽ.ബി പരീക്ഷ

കേരള സർവകലാശാല ജനുവരി നാലിന് തുടങ്ങുന്ന രണ്ടാം സെമസ്റ്റർ യൂണിറ്ററി എൽ.എൽ.ബി (ത്രിവത്സരം) പരീക്ഷകൾക്ക് ഡിസംബർ 15 മുതൽ ഓൺലൈൻ വഴി രജിസ്റ്റർ ചെയ്യാം. പിഴകൂടാതെ ഡിസംബർ 17 വരെയും 50 രൂപ പിഴയോടെ ഡിസംബർ 20 വരെയും ഫീസ് അടയ്ക്കാം.

### പുതുക്കിയ പരീക്ഷാ തീയതി

കേരള സർവകലാശാല ഡിസംബർ ആറിനും എട്ടിനും നടത്താനിരുന്ന അഞ്ചാം സെമസ്റ്റർ ബി.എസ്സി ഹോട്ടൽ മാനേജ്മെന്റ് ആൻഡ് കാറ്ററിംഗ് സയൻസ് (കരിയർ റിലേറ്റഡ് സി.ബി.സി.എസ്.എസ് - 2013 മുതലുള്ള അഡ്മിഷൻ) പരീക്ഷ യഥാക്രമം ഡിസംബർ 14, 16 തീയതികളിൽ നടത്തും. ഡിസംബർ എട്ടിന് നടത്താനിരുന്ന അഞ്ചാം സെമസ്റ്റർ ബി.എ ഇംഗ്ലീഷ് ആൻഡ് കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് (കരിയർ റിലേറ്റഡ് സി.ബി.സി.എസ്.എസ് - 2013 മുതലുള്ള അഡ്മിഷൻ), അഞ്ചാം സെമസ്റ്റർ ബി.എ കമ്മ്യൂണിക്കേറ്റീവ് അറബിക് (കരിയർ റിലേറ്റഡ് സി.ബി.സി.എസ്.എസ് - 2013 മുതലുള്ള അഡ്മിഷൻ) പരീക്ഷകൾ ഡിസംബർ 23-ന് നടത്തും. പരീക്ഷാകേന്ദ്രത്തിന് മാറ്റമില്ല.

### എം.ഫിൽ സീറ്റൊഴിവ്

യൂണിവേഴ്സിറ്റി കോളേജിലെ ഹിസ്റ്ററി, കെമിസ്ട്രി, ഇക്കണോമിക്സ് വകുപ്പുകളിലെ എം.ഫിൽ പ്രോഗ്രാമിൽ എസ്.സി/എസ്.ടി വിഭാഗത്തിൽ ഓരോ സീറ്റ് ഒഴിവുണ്ട്. താൽപര്യമുള്ള എസ്.സി/എസ്.ടി വിഭാഗത്തിൽപ്പെട്ടവർ ഡിസംബർ ഒമ്പത് രാവിലെ 10.30-ന് മേൽപ്പറഞ്ഞ വകുപ്പുകളിൽ അസ്സൽ സർട്ടിഫിക്കറ്റുകൾ സഹിതം ഹാജരാകണം.

മ്യൂസിക് പഠനവകുപ്പിൽ എം.ഫിൽ പ്രോഗ്രാമിൽ എസ്.സി/എസ്.ടി വിഭാഗത്തിൽ ഒരു സീറ്റൊഴിവുണ്ട്. താൽപര്യമുള്ള എസ്.സി/എസ്.ടി വിദ്യാർത്ഥികൾ ഡിസംബർ ഒമ്പത് രാവിലെ 10.30-ന് പഠനവകുപ്പിൽ അസ്സൽ സർട്ടിഫിക്കറ്റുകൾ സഹിതം ഹാജരാകണം.

### ബി.ടെക് പരീക്ഷ മാറ്റി

കേരള സർവകലാശാല ഡിസംബർ ഏഴിന് നടത്താനിരുന്ന അഞ്ചാം സെമസ്റ്റർ ബി.ടെക് (2008 സ്കീം) കമ്പ്യൂട്ടർ സയൻസ് - ഒബ്ജക്ട് ഓറിയന്റഡ് ഡിസൈൻ ആൻഡ് ജാവ പ്രോഗ്രാമിങ്ങ് (ആർ) പരീക്ഷ ഡിസംബർ 14-ലേക്ക് മാറ്റി.

### സീറ്റൊഴിവ്

കേരള സർവകലാശാല തുടർവിദ്യാഭ്യാസ വ്യാപനകേന്ദ്രം നടത്തുന്ന പോസ്റ്റ് ഗ്രാജുവേറ്റ് സർട്ടിഫിക്കറ്റ് ഇൻ ടി.വി ന്യൂസ്, ജേർണലിസം കോഴ്സിന് ഏതാനും സീറ്റൊഴിവുണ്ട്. യോഗ്യത: ബിരുദം ജയം. ഫീസ് 10,500 രൂപ. കോഴ്സ് കാലാവധി ആറ് മാസം. ക്ലാസുകൾ ശനി, ഞായർ ദിവസങ്ങളിൽ നടക്കും. അപേക്ഷാഫീസ് 100 രൂപ.

സർട്ടിഫിക്കറ്റ് ഇൻ യോഗ ആൻഡ് മെഡിറ്റേഷൻ കോഴ്സിന് സീറ്റൊഴിവുണ്ട്. യോഗ്യത: പ്ലസ് ടു/പ്രീഡിഗ്രി ജയം. ഫീസ് 6000/- രൂപ. ക്ലാസുകൾ വൈകുന്നേരം അഞ്ച് മണിമുതൽ ഏഴ് മണിവരെ. ഫോൺ. 0471-2302523.

## ബാച്ചിലർ ഓഫ് ഡിസൈൻ ടൈംടേബിൾ

കേരള സർവകലാശാല ഡിസംബർ 14-ന് തുടങ്ങുന്ന മൂന്നാം സെമസ്റ്റർ ബാച്ചിലർ ഓഫ് ഡിസൈൻ, ഡിസംബർ 17-ന് തുടങ്ങുന്ന ഒന്നാം സെമസ്റ്റർ ബാച്ചിലർ ഓഫ് ഡിസൈൻ, 2017 ജനുവരി നാലിന് തുടങ്ങുന്ന നാലാം സെമസ്റ്റർ ബാച്ചിലർ ഓഫ് ഡിസൈൻ പരീക്ഷകളുടേയും ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## ലൈബ്രറി ആൻഡ് ഇൻഫർമേഷൻ സയൻസ് കോഴ്സിന്റെ ഫലം

കേരള സർവകലാശാല തുടർവിദ്യാഭ്യാസ വ്യാപനകേന്ദ്രം (സി.എ.സി.ഇ.ഇ), കൊല്ലം ടി.കെ.എം, കാഞ്ഞിരംകുളം കെ.എൻ.എം കോളേജ്, ശാസ്താംകോട്ട യു.ഐ.ടി എന്നിവിടങ്ങളിൽ ആഗസ്റ്റിൽ നടത്തിയ സർട്ടിഫിക്കറ്റ് ഇൻ ലൈബ്രറി ആൻഡ് ഇൻഫർമേഷൻ സയൻസ് കോഴ്സിന്റെ ഫലം പ്രസിദ്ധീകരിച്ചു. മുർഷിദ ഷിറിൻ (10523) ഒന്നാം റാങ്ക് നേടി.

## എം.എ സംസ്കൃതം വൈവ

വിദൂരവിദ്യാഭ്യാസ കേന്ദ്രം 2016 ജൂലൈ - ആഗസ്റ്റിൽ നടത്തിയ രണ്ടാം വർഷ എം.എ സംസ്കൃതം പരീക്ഷയുടെ വൈവ ഡിസംബർ ഏഴ് രാവിലെ 10.30 മുതൽ കാര്യവട്ടം പഠനവകുപ്പിൽ നടത്തും. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## എം.ഫിൽ ഫലം

കേരള സർവകലാശാല 2015-16 ബാച്ച് രണ്ടാം സെമസ്റ്റർ എം.ഫിൽ സുവോളജി (കാര്യവട്ടം), കൊമേഴ്സ് (കാര്യവട്ടം), ബയോകെമിസ്ട്രി (കാര്യവട്ടം), ജെനറ്റിക്സ് & ജിനോമിക്സ് (കാര്യവട്ടം) പരീക്ഷകളുടെ ഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## ബി.ടെക് ടൈംടേബിൾ

കേരള സർവകലാശാല ഏഴാം സെമസ്റ്റർ ബി.ടെക് (2016 ഡിസംബർ/2017 ജനുവരി) - 2013 സ്കീം - റഗുലർ പരീക്ഷയുടെ ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## എം.ടെക്, എം.പ്ലാൻ, എം.ആർക് ഫലം

കേരള സർവകലാശാല ആഗസ്റ്റിൽ നടത്തിയ നാലാം സെമസ്റ്റർ എം.ടെക്, എം.പ്ലാൻ, എം.ആർക് (2013 സ്കീം) പരീക്ഷകളുടെ ഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## എം.എ. സംസ്കൃതം ഫലം

കേരള സർവകലാശാല ഫെബ്രുവരിയിൽ നടത്തിയ ഒന്നാം സെമസ്റ്റർ എം.എ. സംസ്കൃതം സ്പെഷ്യൽ പരീക്ഷാഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

സർവകലാശാല മന്ദിരം,
തിരുവനന്തപുരം.
05.12.2016

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ